## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.388 27.09.2011-ലെ മറുപടിക്ക്

### ഗ്രാമസഭാ യോഗങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.റ്റി.എ.റഹിം | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| എ) ഗ്രാമസഭകൾ വിളിച്ചു ചേർക്കുന്നത് സംബന്ധിച്ച് പ്രത്യേക ചട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ; | എ) 1995 ലെ പഞ്ചായത്ത് രാജ് (ഗ്രാമസഭായോഗം വിളിച്ചു കൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി) ചട്ടങ്ങൾ പ്രാബല്യത്തിൽ ഉണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ടിലെ 3 - ാം വകുപ്പ് (8) - ാം ഉപവകുപ്പും (9) - ാം ഉപവകുപ്പും പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചാണ് മേൽ ചട്ടങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്. |
| ബി) എങ്കിൽ ഇപ്രകാരം ഗ്രാമസഭ വിളിച്ചുചേർക്കേണ്ടതും അദ്ധ്യക്ഷം വഹിക്കേണ്ടതും നോട്ടീസ് നൽകേണ്ടതും ആരാണ്; | ബി) 1994ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 3(3)പ്രകാരം ഗ്രാമസഭയുടെ കൺവീനർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമായി കൂടിയാലോചിച്ച് നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും ഗ്രാമസഭ ചേരേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഗ്രാമസഭാ യോഗത്തിന്റെ അദ്ധ്യക്ഷനായിരിക്കും. ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | ഗാമപഞ്ചായത്ത് സെക്രട്ടറി യോഗ സ്ഥലവും തീയതിയും സമയവും ഉപ്രകാരം നിശ്ചയിക്കുന്ന തരത്തിൽ ഗാമസഭ ഉൾക്കൊള്ളുന്ന പ്രദേശ ാത്ത സ്ഥലങ്ങളിലും സർക്കാർ ആഫീസുകളിലും സ്കൂളുകളിലും ഗ്രാമ പഞ്ചായത്താഫീസിലും നോട്ടീസ് പതിച്ച് പ്രസിദ്ധീകരിക്കേണ്ടതാണ്. |
| സി) | ഗ്രാമസഭയുടെ മിനിറ്റ്സ് തയ്യാറാക്കേണ്ടതും സൂക്ഷി - ക്കേണ്ടതും ആരാണ്; | സി) | 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3(എ) ഉപവകുപ്പ് (5) പകാരം പ്രസിഡന്റ് ആവശ്യപ്പെ ടുന്നത് അനുസരിച്ച് ഗ്രാമ പഞ്ചായത്തിന്റെ ഉദ്യോഗ സ്ഥന്മാർ ഗാമസഭ യോഗങ്ങളിൽ കോ - ാർഡിനേറ്ററായി പങ്കെടുക്കേ ണ്ടതും ഗ്രാമസഭാ തീരുമാനങ്ങൾ മിനിട്ട്സ് ബുക്കിൽ രേഖപ്പെടു ത്തേണ്ടതും വാർഡ് കൺവീനർ മിനിട്ട്സിന്റെ അവസാനം ഒപ്പുവയ്ക്കേണ്ടതുമാണ്<br>ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഗാമസഭകളുടെ റിക്കാർഡുകൾ സൂക്ഷിക്കേണ്ടതാണ്. |
| ഡി) | രണ്ട് പ്രാവശ്യം തുടർച്ചയായി സഭ ചേരാതിരുന്നാൽ വാർഡ് മെമ്പർ അയോഗ്യനാകുമെന്ന് നിയമ വ്യവസ്ഥയുണ്ടോ; | ഡി | 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 35(പി) പ്രകാരം ഗാമസഭയുടെ യോഗം 3 മാസത്തിലൊരിക്കൽ വിളിച്ചു കൂട്ടുന്നതിൽ തുടർച്ചയായി 2 തവണ വീഴ്ച വരുത്തിയാൽ വാർഡുമെമ്പറെ അയോഗ്യനാക്കാൻ നിയമവ്യവസ്ഥയുണ്ട്. |

ഇ) ഗ്രാമസഭ വിളിച്ചുചേർക്കേണ്ടത് പ്രസിഡന്റ് ആവുകയും, നോട്ടീസ് കൊടുക്കേണ്ടത് സെക്രട്ടറിയാവുകയും മിനിറ്റ്സ് തയ്യാറാക്കേണ്ടത് കോ - ഓർഡിനേറ്റർ ആവുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇക്കാര്യങ്ങളിലൊന്നും ഉത്തരവാദിത്തമില്ലാത്ത മെമ്പറെ മാത്രം അയോഗ്യനാക്കുന്നത് ശരിയാണെന്ന് കരുതുന്നുണ്ടോ;

ഇ ഗ്രാമസഭായോഗങ്ങൾ ഗ്രാമസഭയുടെ കൺവീനറായ വാർഡ് മെമ്പർ പ്രസിഡന്റുമായി കൂടിയാലോചിച്ച് ഗ്രാമസഭ വിളിച്ച് കൂട്ടുന്നതിനാലും പഞ്ചായത്ത് സമിതിയാൽ നിയോഗിക്കപ്പെടുന്ന കോ-ഓർഡിനേറ്റർ കൺവീനറുടേയും അദ്ധ്യക്ഷന്റേയും സാന്നിദ്ധ്യത്തിൽ തയ്യാറാക്കുന്ന മിനിട്ട്സ് ബുക്ക് ആയതിനാലും വാർഡ് മെമ്പർക്ക് ഗ്രാമസഭായോഗവുമായി ബന്ധമില്ലാതാകുന്നില്ല.

എഫ്) നിയമത്തിനനുസൃതമായി പ്രസിഡണ്ടിനെക്കൂടി അയോഗ്യനാക്കുന്നതിന് ചട്ടങ്ങൾ ഭേദഗതി ചെയ്യേണ്ടത് ആവശ്യമാണെന്ന് കരുതുന്നുണ്ടോ;

എഫ് നിലവിലുള്ള ചട്ടങ്ങൾ ഭേദഗതി ചെയ്യുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ